(ബി) 1-10-2014-ൽ കൂടിയ ഡയറക്ടർ ബോർഡ് ഇക്കാര്യം ചർച്ച ചെയ്യുകയും അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എം.എം.എൽ.-ൽ നിയമം ലംഘിച്ച് ഖനന കോൺട്രാക്ട് നൽകിയ നടപടി

254 (2492) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എം.എം.എൽ.-ൽ നിയമം ലംഘിച്ചാണ് മൈനിംഗ് സൈറ്റിൽ ഖനന കോൺട്രാക്ട് നൽകിയതെന്ന് ബഹു. ഹൈക്കോടതി കണ്ടെത്തിയതിനു ശേഷം നടന്ന റീ-ടെണ്ടറിൽ കമ്പനിക്ക് എത്ര കോടി രൂപ നേട്ടമുണ്ടായി എന്ന് വ്യക്തമാക്കാമോ ;

(ബി) കമ്പനിയിൽ നിയമം ലംഘിച്ച് ടെണ്ടർ നടപടിക്രമത്തിൽ ബോധപൂർവ്വം വീഴ്ച വരുത്തി കമ്പനിക്ക് നഷ്ടമുണ്ടാക്കിയ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും ഇവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കമ്പനിക്ക് 1,33,75,236.00 രൂപ ലാഭം ഉണ്ടായി.

(ബി) കമ്പനിയിൽ നിലനിൽക്കുന്ന എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടു തന്നെയാണ് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത്.

ചവറ റേഞ്ച്- ധാതുമണൽ സമ്പത്ത്

255 (2493) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചവറ റേഞ്ച് എന്നറിയപ്പെടുന്ന നീണ്ടകര മുതൽ കായംകുളം വരെയുള്ള തീരത്തുള്ള ധാതുമണൽ സമ്പത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഇത് ഖനനം ചെയ്യുന്നതിനും ഗുണകരമായി വിനിയോഗിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) കേരളത്തെ മറ്റൊരു ഗൾഫാക്കി മാറ്റാൻ സാധ്യതയുള്ളതാണ് ഈ ധാതുസമ്പത്തെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ നീണ്ടകര മുതൽ കായംകുളം പൊഴിവരെയുള്ള കടൽത്തീരവും, ആലപ്പാട്, അഴീക്കൽ, ചെറിയഴിക്കൽ, പന്മന, ശ്രായികടവ് എന്നീ ഭാഗങ്ങളിലും ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ, കായംകുളം, കാർത്തികപ്പള്ളി, ചേർത്തല എന്നീ ഭാഗങ്ങളിലുമാണ് ധാതുമണൽ ധാരാളമായി കണ്ടുവരുന്നത്. ഈ പ്രദേശങ്ങളിൽ ചില ഭാഗത്ത് പൊതുമേഖലസ്ഥാപനങ്ങളായ കേരള മിനറൽ & മെറ്റൽസ് ലിമിറ്റഡ് (K.M.M.L), ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് (I.R.E.L) എന്നീ സ്ഥാപനങ്ങൾക്ക് ധാതുമണൽ ഖനനത്തിന് അനുമതി നൽകിയിട്ടുണ്ട്. K.M.M.L. ചവറ, ട്രാവൻകൂർ ടൈറ്റാനിയം (TTP), തിരുവനന്തപുരം എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ ഇവിടെ നിന്നുള്ള ധാതുമണൽ ഉപയോഗിച്ച് മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നു.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ മേഖലയിലെ ധാതുസമ്പത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സ്ഥലവാസികളെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം നൽകുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസ്, ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റി, കേന്ദ്ര അറ്റോമിക് എനർജി ഡിപ്പാർട്ടുമെന്റ് എന്നിവയുടെ കർശന നിയന്ത്രണത്തിലാണ് ഖനനം നടത്തുന്നത്. കൂടാതെ ഖനനത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെയും, തീരദേശ പരിപാലന അതോറിറ്റിയുടെയും മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കുന്നുണ്ട്. ധാതുമണലിന്റെ ലഭ്യതക്കുറവുമൂലം പൊതുമേഖലാ സ്ഥാപനങ്ങളായ ഐ.ആർ.ഇ.എൽ., ട്രാവൻകൂർ ടൈറ്റാനിയം, കെ.എം.എം.എൽ. എന്നീ കമ്പനികളുടെ സ്ഥാപിത ശേഷി പൂർണ്ണമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല.

(സി) ഉണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിച്ച്, പ്രദേശവാസികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ ധാതുമണൽ ഖനനം ചെയ്ത്, ശുദ്ധീകരിച്ച്, കൂടുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളായ K.M.M.L., TTP എന്നിവ മുഖാന്തരം ഉത്പാദിപ്പിക്കുവാൻ സാധിക്കും.